


# മിഷൻ വചനവിചിന്തനം - 02 ഒക്ടോബർ 2019

**മത്തായി 18: 15,10** **ഫാ. ജെയ്സൺ കുന്നേൽ MCBS**

ഇന്നത്തെ വചനഭാഗത്ത്, ശിശുക്കളെപ്പോലെ ആകാൻ യേശു നമ്മെ വിളിക്കുന്നു. സഭയ്ക്ക് തന്റെ ദൗത്യം നിർവ്വഹിക്കാൻ അനിവാര്യമായ മാറ്റമാണിത്. സഭയുടെ ദൗത്യത്തിന് വെല്ലുവിളിയായി അവളുടെയുള്ളിൽ നിന്നു നേരിടുന്ന പ്രലോഭനങ്ങൾ നിമിത്തം പലപ്പോഴും മങ്ങലേൽക്കുന്നുണ്ട്. മതാത്മകതയുടെ പുറംമോടി ധരിച്ച അഹങ്കാരത്തിന്റെയും അധികാരത്തിന്റെയും പ്രലോഭനങ്ങളിൽ സഭയ്ക്ക് ക്ഷതമേൽക്കാറുണ്ട്.

ഈ സുവിശേഷത്തിൽ തന്നെ, യേശുവിന്റെ ജറുസലേമിലേയ്ക്കുള്ള ആരോഹണത്തിന് അവനെ അനുഗമിക്കാതെ തടസ്സം നിൽക്കുന്ന പാപങ്ങളെക്കുറിച്ച് സൂചന നൽകുന്നുണ്ട്. അവയിൽ ഏറ്റവും കഠിനവും എതിർത്തു നിൽക്കുന്നതുമായ പ്രലോഭനങ്ങൾ ലൈംഗീക അപഭ്രംശങ്ങളും (മത്തായി 19:1-12 ധനത്തോടുള്ള ആസക്തിയുമാണ് (മത്തായി 19:16-26). അധികാരസ്ഥാനത്തിനു വേണ്ടി പരസ്പരം വഴങ്ങിക്കൊടുക്കാത്ത അവസ്ഥ യേശുവിന്റെ ശിഷ്യന്മാരുടെ ഇടയിൽ പോലും ദൃശ്യമാണ് (മത്തായി 20:20-28).

പാപം മൂലം ഒരുവന്റെ ദൗത്യം തകരാതിരിക്കാൻ യേശു ഒരു പുതിയ പ്രമാണം നൽകുന്നു: "നിങ്ങൾ മാനസാന്തരപ്പെട്ട് ശിശുക്കളെപ്പോലെയാകുവിൻ" (മത്തായി 18:2-4). സഭാദൗത്യത്തിന് വിളിക്കപ്പെട്ടവരിൽ ആഴത്തിൽ സംഭവിക്കേണ്ട മാനസാന്തരമാണിത്- ശിശുക്കളെപ്പോലെയാവുക. അത് പൂർണ്ണമായും മാനുഷികമായ അർത്ഥത്തിലല്ല മനസ്സിലാക്കേണ്ടത്. പ്രേഷിതദൗത്യത്തിനായി വിളിക്കപ്പെട്ട ഓരോ ക്രിസ്തുശിഷ്യനും ദൈവത്തെ പൂർണ്ണമായി വിശ്വസിക്കുകയും ആശ്രയിക്കുകയും വേണം. ഒരു ശിശുവിന് തന്റെ മാതാപിതാക്കളിലുള്ള പരിപൂർണ്ണ ആശ്രയവും, അവരുടെ സ്നേഹത്തിലും സംരക്ഷണയിലുമുള്ള ഉറപ്പും, സുരക്ഷിതത്വം പ്രദാനം ചെയ്യുന്നതുപോലെ ഒരു പ്രേഷിതന് സ്വന്തമായി പ്രേഷിതഭൂമിയിൽ ആത്മവിശ്വാസത്തോടെ പ്രവർത്തിക്കണമെങ്കിൽ ദൈവതിരുമുമ്പിൽ ശിശുസഹജമായ ഒരു ആത്മസമർപ്പണം ആവശ്യമാണ്.

ദൈവപിതാവിന്റെ പുത്രനെന്ന നിലയിൽ യേശുവും ഈ അനുഭവത്തിലൂടെ കടന്നുപോയ വ്യക്തിയാണ്, സമ്പൂർണ്ണമായി പിതാവിന് കീഴ്വഴങ്ങിയ പുത്രൻ. യേശുവിനോട് അനുരൂപപ്പെടുന്ന ഈ വഴികളിലൂടെ മാത്രമേ നമ്മൾ വിളിക്കപ്പെട്ടിരിക്കുന്ന പ്രേഷിതമേഖലയെ നമുക്ക് സമീപിക്കാനാവൂ. യേശു മനസ്സിലാക്കിയ രീതിയിൽ ശിശുവിനെപ്പോലെ ആയിത്തീരുന്ന ക്രൈസ്തവൻ, തന്റെ പ്രേഷിതമേഖലയിൽ മുപ്പതും അറുപതും നൂറുമേനിയും ഫലങ്ങൾ പുറപ്പെടുവിക്കും.

ഇന്ന് കത്തോലിക്കാ സഭ കാവൽമാലാഖമാരുടെ തിരുനാൾ ആഘോഷിക്കുന്ന ദിനമാണ്. "ഈ ചെറിയവരിൽ ആരെയും നിന്ദിക്കാതിരിക്കാൻ സൂക്ഷിച്ചുകൊള്ളുക. സ്വർഗത്തിൽ അവരുടെ ദൂതന്മാർ എന്റെ സ്വർഗസ്ഥനായ പിതാവിന്‍െറ മുഖം എപ്പോഴും ദർശിച്ചുകൊണ്ടിരിക്കുകയാണെന്ന് ഞാൻ നിങ്ങളോടു പറയുന്നു" (മത്തായി 18:10-11). പ്രേഷിതരിൽ ശിശുസഹജമായ നൈർമ്മല്യം കാത്തുസൂക്ഷിക്കാൻ കാവൽമാലാഖമാരുടെ സാന്നിധ്യം നമുക്ക് ശക്തി പകരും.

വി. ബർണാർഡ് ഇപ്രകാരം ഓർമ്മിപ്പിക്കുന്നു: "നീ എപ്പോഴും നിന്റെ കാവൽമാലാഖയുടെ സാന്നിധ്യത്തിലാണെന്ന് ഓർക്കുക. നീ എവിടെ ആയിരുന്നാലും, എന്തെല്ലാം രഹസ്യങ്ങൾ നിനക്ക് മറയ്ക്കാനുണ്ടെങ്കിലും നിന്റെ കാവൽമാലാഖയെക്കുറിച്ച് ചിന്തിക്കുക. എന്റെ സാന്നിധ്യത്തിൽ നീ ചെയ്യാൻ മടിക്കുന്നവ നിന്റെ കാവൽമാലാഖയുടെ സാന്നിധ്യത്തിലും ഒരിക്കലും ചെയ്യരുത്." ശിശുവിനെപ്പോലെ ആകുന്ന ഒരു പ്രേഷിതൻ, രക്ഷകനും നാഥനുമായ യേശുക്രിസ്തുവുമായി ഒരു പ്രത്യേക ബന്ധത്തിലേയ്ക്ക് കടന്നുവരുന്നു. അവനിൽ ഓരോ ശിഷ്യനും ശിഷ്യയും ദൈവപിതാവിന്റെ മകനും മകളുമാണെന്ന യാഥാർത്ഥ്യം കണ്ടെത്തുകയും വ്യവസ്ഥകളില്ലാത്ത അനുസരണം വിശ്വാസത്തിലും ദൗത്യബോധത്തിലും നിലനിൽക്കുന്നതിന്റെ ഫലമായും മനസ്സിലാക്കുന്നു. പിതാവിന്റെ മകനും മകളുമെന്ന നിലയിൽ ഓരോ ശിഷ്യനും ശിഷ്യയും പ്രേഷിതനും പ്രേഷിതയുമാണ്. കാരണം, സദ്വാർത്ത അറിയിക്കാൻ അയയ്ക്കപ്പെട്ടവരാണ് അവർ.

ഈ പ്രേഷിതയാത്രയിൽ വെല്ലുവിളികളെ തരണം ചെയ്യാൻ ദൈവദൂതന്മാരുടെ അകമ്പടി അവരെ സഹായിക്കും. ചുരുക്കത്തിൽ പ്രേഷിതമാസത്തിന്റെ രണ്ടാം ദിനം സഭ നമ്മോട് ആവശ്യപ്പെടുന്നത് ക്രിസ്തു ആഗ്രഹിക്കുന്ന ശിശുസഹജമായ നൈർമല്യം സ്വന്തമാക്കുക എന്നതാണ്. കളങ്കമില്ലാത്ത ക്രിസ്തുശിഷ്യൻ സഭയുടെ അഭിമാനമാണ് കാവൽമാലാഖമാരുടെ സംരക്ഷണയിൽ വളരുന്ന അവർ തിരുസഭാഗാത്രത്തിന്റെ മുന്നണി പോരാളിയാണ്.

*സീറോ മലബാർ സുവിശേഷവൽക്കരണ - പ്രവാസികാര്യ കമ്മീഷനും ലൈഫ്ഡേയും ചേർന്ന് തയ്യാറാക്കുന്നത്*

Baptised and sent

MY LORD AND MY GOD

LIFEDAY
www.lifeday.in

Syro-Malabar Major Archiepiscopal Commission
for Evangelization and Pastoral Care of the Migrants